പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.293 | 08.11.2019-ൽ മറുപടിയ്ക്ക് |
| മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | |
| ചോദ്യം | മറുപടി |
| ശ്രീ.ഡി.കെ. മുരളി<br>,, എസ്.ശർമ്മ<br>,, കെ. ആൻസലൻ<br>,, ജോൺ ഫെർണാണ്ടസ് | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഡി.ഡി.യു. സശാക്തീകരൺ പുരസ്കാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിനും ലഭിക്കുകയും മികച്ച മാലിന്യ സംസ്കരണത്തിനുള്ള അന്താരാഷ്ട്ര പുരസ്കാരം തിരുവനന്തപുരം നഗരസഭക്കും ലഭിക്കുന്ന തരത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേടിയ മികവ് കൂടുതൽ ശാക്തീകരിക്കാൻ ജലസംരക്ഷണം, കൃഷി വികസനം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | **മാലിന്യ സംസ്കരണം**<br>• മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് 941 ഗ്രാമപഞ്ചായത്തുകളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഹരിതകർമ്മസേനകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തു.<br>• അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 757 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടക്കുന്നു.<br>• പുനഃചംക്രമണത്തിന് സാധ്യതയുള്ള അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 128 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും വിദഗ്ധോപദേശം നൽകുന്നതിനും 51 ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് നിയോഗിച്ചിട്ടുണ്ട്.<br>• മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കുട്ടികൾ മുഖേന അവബോധം സൃഷ്ടിക്കുന്നതിനും അവരുടെ സ്വഭാവ രൂപീകരണത്തിനും സഹായകരമായ രീതിയിൽ "പെൻസിൽ" എന്ന പേരിൽ വാർഡുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇപ്പോൾ "അരുത് കത്തിക്കരുത്, വലിച്ചെറിയരുത്" എന്ന ക്യാമ്പയിൻ സ്കൂൾ തലത്തിൽ നടത്തിവരുന്നു.<br>• എല്ലാ സർക്കാർ/അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഉത്സവങ്ങൾ, മേളകൾ, |

ആഘോഷങ്ങൾ, വിവാഹങ്ങൾ, മതപരമായ ചടങ്ങുകൾ എന്നിവിടങ്ങളിലെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ വ്യാപകമായി പാലിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച നടപ്പിലാക്കിവരികയാണ്. ഓഫീസുകളിൽ പരിശോധന നടത്തി ഗ്രീൻ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവൃത്തി ഹരിത കേരളം മിഷൻ ആരംഭിച്ചിട്ടുണ്ട്.

- ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 90% സബ്സിഡി അനുവദിച്ച് ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെ കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനുള്ള വിവിധതരം ഉപകരണങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന വീടുകളിൽ എത്തിക്കുന്നു.
- മാലിന്യ സംസ്കരണ രംഗത്ത് നിലനിൽക്കുന്ന നിയമങ്ങൾ ക്രോഡീകരിച്ച് ഹരിത നിയമങ്ങൾ എന്ന പേരിൽ കിലയുമായി സഹകരിച്ച് ഹരിത കേരളം മിഷൻ പ്രസിദ്ധീകരിച്ചു.

**ജലസംരക്ഷണം**

- ഹരിത കേരളത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിരവധി മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ ജല ഉപമിഷനുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി 23.10.2017-ാം തീയതിയിൽ സ.ഉ.(അച്ചടി) 20/2017/ജ.വി.വ. നമ്പരായി ഒരു മാർഗ്ഗരേഖ ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്തുതലം മുതൽ ജില്ലാതലം വരെ വിവിധ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി സാങ്കേതിക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്.
- സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ 1000-ത്തിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അവയെ ബ്ലോക്കടിസ്ഥാനത്തിൽ ഒന്നിച്ച് ചേർത്ത് നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽപെടുന്ന പ്രവൃത്തികൾ ഓരോന്നും ഏതൊക്കെ വകുപ്പുകൾ ഏറ്റെടുത്ത് നിർവ്വഹിക്കണം എന്ന് തീരുമാനിക്കുകയും അതനുസരിച്ച് നിർവഹണം നടത്തുന്ന പ്രവർത്തനം

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജല ഉപമിഷൻ സംസ്ഥാന കർമ്മസമിതി യോഗം ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും സഹകരിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 390 കിലോമീറ്റർ നീളത്തിൽ പുഴകളും 34289 കിലോമീറ്റർ നീളത്തിൽ തോടുകളും നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു.
- 53745 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം നടപ്പിലാക്കി, 22252 കിണറുകൾ നിർമ്മിച്ചു, 13942 കിണറുകൾ നവീകരിച്ചു.
- 13738 കുളങ്ങൾ നിർമ്മിച്ചു, 15381 കുളങ്ങൾ നവീകരിച്ചു.

<u>കൃഷി വികസനം</u>

- തരിശ് രഹിത പഞ്ചായത്ത് പ്രവർത്തനം - ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലും ചുരുങ്ങിയത് ഒരു പഞ്ചായത്ത് എങ്കിലും തരിശ് രഹിത പഞ്ചായത്തായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 152 പഞ്ചായത്തുകളിൽ നടത്തിവരുന്നു. 15 പഞ്ചായത്തുകൾ ഇതിനോടകം തരിശ് രഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചുകഴിഞ്ഞു. പാറശ്ശാല മണ്ഡലം തരിശ് രഹിത മണ്ഡലമായും പ്രഖ്യാപിച്ചു.
- ഹരിത സമൃദ്ധി വാർഡുകൾ - ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു കീഴിൽ ഒരു വാർഡെങ്കിലും മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി ആരംഭിച്ച 1000 ഹരിതസമൃദ്ധി വാർഡുകളുടെ പ്രവർത്തനം നടത്തിവരുന്നു. ഏകദേശം 300 വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളായി മാറിയിട്ടുണ്ട്.
- നെൽകൃഷി വിസ്തൃതി വ്യാപനം - നെൽകൃഷി വിസ്തൃതി 1.96 ലക്ഷം ഹെക്ടറിൽനിന്നും 3 ലക്ഷം ഹെക്ടർ ആക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതിയുടെ സഹായം എന്നിവ മുഖേന കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കാൻ കൂട്ടായ പ്രവർത്തനം നടത്തിവരുന്നു.

| | | | |
|---|---|---|---|
| | | | • പച്ചത്തുരുത്ത് പദ്ധതി - കേരളത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങളെ ചെറുക്കുന്നതിനും പ്രാദേശിക മരങ്ങളും സസ്യങ്ങളും വച്ചുപിടിപ്പിച്ച് സ്വാഭാവിക വനത്തിന്റെ മാതൃകയിലുള്ള ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് പച്ചത്തുരുത്തുകൾ. ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ചുരുങ്ങിയത് ഒരു പച്ചത്തുരുത്ത് എങ്കിലും സ്ഥാപിച്ച് 1000 പച്ചത്തുരുത്തുകൾ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുവരെ സംസ്ഥാനത്താകെ 464 പച്ചത്തുരുത്തുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത നിയമ ബോധവൽക്കരണം നടത്തിയിരുന്നോ; ഹരിത നിയമം കർശനമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ഹരിത നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി നാളിതുവരെ സംസ്ഥാനത്ത് 5965 ക്ലാസുകൾ നടത്തിയിട്ടുണ്ട്. കുട്ടികളിൽ ഹരിത നിയമ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എൻ.സി.എസ്., എൻ.എസ്.എസ്., സ്കൗട്സ് & ഗൈഡ്സ് എന്നിവയിലെ എല്ലാ പരിശീലകർക്കും ശില്പശാലകൾ നടത്തിക്കഴിഞ്ഞു. ഈ ക്യാമ്പയിൻ 20 ലക്ഷം പേരിൽ എത്തിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമം നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഹരിത നിയമം കർശനമായി നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. |
| (സി) | പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. കേരള ഗ്രാമപഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ ചവറോ മാലിന്യങ്ങളോ വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേക്ക് ഒഴുക്കി വിടുകയോ ചെയ്യുന്നവർക്കെതിരെയും പൊതു സ്ഥലത്ത് ചവറോ മാലിന്യങ്ങളോ നിക്ഷേപിക്കുകയോ വലിച്ചെയറിയുകയോ ചെയ്യുന്നവർക്കെതിരെയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. അതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെൻമെന്റ്) ആക്ട് 2018 പ്രകാരം മൂന്ന് വർഷം വരെ തടവു ശിക്ഷയോ, രണ്ട് ലക്ഷം വരെ പിഴയോ, രണ്ടും കൂടിയ ശിക്ഷയോ ലഭിക്കാവുന്ന പ്രവൃത്തിയാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് പി.വി.സി. ഫ്ളെക്സ് ഉല്പന്നങ്ങൾ പൂർണ്ണമായി നിരോധിച്ചത് വിജയകരമായി നടപ്പാക്കാൻ സാധ്യമായിട്ടുണ്ടോ; പരസ്യത്തിനുപയുക്തമായ ബദൽ ഉല്പന്നം ലഭ്യമാണോ; വ്യക്തമാക്കുമോ? | (ഡി) | പി.വി.സി ഫ്ളക്സുകൾക്ക് ഏർപ്പെടുത്തിയ നിരോധനം വിജയകരമായി നടപ്പിലാക്കി വരുന്നു. 29/08/2019-ലെ സ.ഉ.(കൈ)നം.111/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പി.വി.സി. നിർമ്മിത ഫ്ളക്സുകൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. പി വി സി ഫ്ളക്സിന് പകരമായി യഥേഷ്ടം ലഭ്യമായ തുണി, പേപ്പർ, പൊളി എത്തിലീൻ തുടങ്ങി പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ പരസ്യ ബോർഡുകളോ മാത്രമേ പരസ്യ പ്രചാരണങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ എന്നാണ് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്. |

Smitha

സെക്ഷൻ ഓഫീസർ